പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 593 — 26.4.2017 -ൽ മറുപടിയ്ക്ക്

## സീ പ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച "സീ പ്ലെയിൻ പദ്ധതി" പുനഃരാരംഭിക്കാൻ നടപടികൾ ഉണ്ടോ; | എ) | സീപ്ലെയിൻ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുളള നടപടികൾ മുൻഗണനാ സർക്യൂട്ടിൽ ഉൾപ്പെട്ട അഷ്ടമുടി, പുന്നമട, ബേക്കൽ എന്നിവിടങ്ങളിൽ ആരംഭിക്കുകയും അഷ്ടമുടി, പുന്നമട എന്നിവിടങ്ങളിൽ ഇവ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ആവശ്യമായ എല്ലാ അനുമതികളും രേഖകളും ലഭ്യമായിട്ടുളള സീപ്ലെയിനുകളുമായി സേവനമാരംഭിക്കുവാൻ ഇതുവരെ ഓപ്പറേറ്റർമാർ ആരും തന്നെ മുന്നോട്ടുവന്നിട്ടില്ലാത്തതിനാൽ സേവനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഓപ്പറേറ്റർമാർ ഇത്തരത്തിൽ സേവനസന്നദ്ധരായി മുന്നോട്ട് വന്നാൽ മാത്രമേ സേവനം ആരംഭിക്കുവാൻ സാധിക്കുകയുളളൂ. |
| ബി) | പ്രസ്തുത പദ്ധതിക്കുവേണ്ടി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; കാസർഗോഡ് ജില്ലയിൽ എത്ര ജീവനക്കാർ ഇത്തരത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | സീപ്ലെയിൻ പദ്ധതിക്കായി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ മുതലായവയുടെ സുരക്ഷക്കായി കേരള പോലീസിന് കീഴിലുളള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (എസ്.ഐ.എസ്.എഫ്) ന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 3 എസ്.ഐ.എസ്.എഫ് ജീവനക്കാർ കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ